ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാജ്യാന്തര ഹൈടെക് പാർക്കുകൾ ആരംഭിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) ഈ പദ്ധതിക്കായി വിദേശ മൂലധന നിക്ഷേപം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ ഈ നിക്ഷേപം എത്രമാത്രം പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) എറണാകുളം ജില്ലയിൽ കളമശ്ശേരിയിൽ 200 ഏക്കർ ഭൂമിയിൽ സ്വകാര്യപങ്കാളിത്തത്തോടെ കിൻഫ്രയുടെ നേതൃത്വത്തിൽ ഒരു ഹൈടെക് പാർക്ക് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(സി) സ്വകാര്യ മേഖലയിലെ പങ്കാളിത്തത്തിന് രാജ്യാന്തര ടെൻഡർ വിളിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ പങ്കാളിയെ കണ്ടെത്തിയതിനുശേഷം മാത്രമേ പാർക്ക് നിർമ്മാണത്തിൽ വിദേശ മൂലധനം ലഭിക്കുമോ എന്നും അത് എത്രത്തോളമായിരിക്കുമെന്നും കണക്കാക്കുവാൻ സാധിക്കുകയുള്ളു.

6 (579) പരമ്പരാഗത വ്യവസായ മേഖലയുടെ വികസനം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി കരകൗശലം എന്നീ മേഖലകളുടെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരമ്പരാഗത വ്യവസായ മേഖലകളുടെ വളർച്ചയിൽ ഉണ്ടായിട്ടുള്ള നേട്ടം വിശദീകരിക്കുമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി, കരകൗശലം എന്നീ മേഖലകളുടെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) കയർ : ഈ മേഖലയിൽ നടപ്പാക്കിയ പുനരുദ്ധാരണ പദ്ധതിയുടെ ഫലമായി ഉല്പാദനം 40% വർദ്ധിച്ചു. ഇതോടൊപ്പം 25000-ൽ പരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു. സർക്കാർ നൽകിയ വിവിധ ധനസഹായങ്ങൾ ഉല്പാദനച്ചെലവും വില്പന വിലയും തമ്മിലുള്ള വ്യത്യാസം പരമാവധി കുറയ്ക്കുന്നതിനു സഹായിച്ചു. ഉല്പന്ന നിർമ്മാണരംഗത്ത് ഇതിനകം അംഗീകാരം നൽകിക്കഴിഞ്ഞ 5.13 കോടി രൂപയുടെ 5 യൂണിറ്റുകൾ സ്ഥാപിക്കുന്നതോടെ 550 പേർക്കു നേരിട്ട് തൊഴിൽ ലഭിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എൽ.സി.ഡി.സി.യുടെ അംഗീകാരം ലഭിച്ചാൽ 2.48 കോടിയുടെ റബ്ബറൈസ്ഡ് കയർ മാട്രസ് യൂണിറ്റ് ആരംഭിക്കുന്നതോടെ 120 പേർക്ക് തൊഴിൽ ലഭിക്കും.

ഉല്പാദനരംഗത്ത് വർദ്ധനവുണ്ടായതോടെ കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോംമാറ്റിംഗ് ഇൻഡ്യാ ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രതിവർഷം വാങ്ങിയിരുന്ന കയർ മാറ്റിന്റേയും കയർ ഉല്പന്നങ്ങളുടേയും വർദ്ധനവ് എടുത്തുപറയേണ്ടതാണ്. കയർ കോർപ്പറേഷൻ95-96 വരെ പ്രതിവർഷം ശരാശരി 1.76 കോടി രൂപയുടേതു വാങ്ങിയിരുന്നെങ്കിൽ 97 മുതൽ 98 വരെ പ്രതിവർഷം 3.15 കോടിയായി വർദ്ധിച്ചു. പ്രതിവർഷ ശരാശരി വില്പന (95-96-ൽ അവസാനിക്കുന്ന 5 വർഷത്തേത്) 3.38 കോടിയായിരുന്നത് 98-99-ൽ അവസാനിക്കുന്ന 3 വർഷം 5.32 കോടിയായി വർദ്ധിച്ചു. താരതമ്യം ചെയ്യുമ്പോൾ വർദ്ധനവ് 57%. കയർഫെഡിന്റെ വില്പന 18.9 കോടിയിൽ നിന്നും 21.7 കോടി രൂപയായി. കൂടാതെ 1.45 കോടി രൂപയുടെ ഉല്പന്നങ്ങൾ വിദേശത്തു കയറ്റി അയച്ചു വിദേശ വിപണിയിൽ പ്രവേശിപ്പിച്ചു. ഫോംമാറ്റിംഗ്സ് 96-ൽ അവസാനിച്ച 5 വർഷത്തിൽ വില്പന 4.15 കോടി (പ്രതിവർഷ ശരാശരി)യായിരുന്നത് 98-99-ൽ 8.22 കോടിയായി. വർദ്ധനവ് 98% ആണ്. കൂടാതെ 5 കോടി രൂപ മുതൽമുടക്കി കമ്പനിയുടെ പ്രവർത്തനം വിപുലീകരിക്കുന്നു. നടപ്പുവർഷം പ്രവർത്തനം തുടങ്ങുന്നതോടെ 150 പേർക്കുകൂടി പുതിയതായി ജോലി ലഭിക്കും. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചു. കയർ തൊഴിലാളി ക്ഷേമനിധി നിയമം ഭേദഗതി ചെയ്തതുമൂലം കൂടുതൽ മുൻ കയർത്തൊഴിലാളികൾക്ക് പെൻഷന് അർഹത ലഭിച്ചു. 31.3.1999 വരെ 26,137 മുൻ കയർ തൊഴിലാളികൾ കൂടി ക്ഷേമനിധിയിൽ അംഗങ്ങളായി. തൊഴിലുടമയുടെ അനുവാദമില്ലാതെ തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗമായി ചേരാനുള്ള അവകാശവും ഭേദഗതി നിയമംമൂലം ലഭ്യമാക്കി. അംശദായമായി 96-ൽ അവസാനിപ്പിച്ച 8 വർഷംകൊണ്ട് 3.18 കോടി രൂപ പിരിച്ചെടുത്തത് 30.4.99വരെ 3 വർഷംകൊണ്ട് 4.37 കോടി രൂപയായി. പ്രതിവർഷ സമ്പ്രദായം 40 ലക്ഷം രൂപ ആയിരുന്നത് 96-97 മുതൽ 1.57 കോടി രൂപയായി ഉയർന്നു. പെൻഷൻ തുക 75 രൂപയിൽനിന്നും 100 രൂപയായി വർദ്ധിപ്പിച്ചു. 3 വർഷം കൊണ്ട് 11.66 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. പരമ്പരാഗത വ്യവസായമായ കൈത്തറി, കശുവണ്ടി, കരകൗശലം എന്നീ മേഖലകളിലും വികസനത്തിനായി സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി ഉല്പാദനക്ഷമതയും വിപണനവും വർദ്ധിപ്പിക്കാൻ സാധിച്ചു. ഇതിന്റെ ഫലമായി തൊഴിൽ ദിനങ്ങൾ വർദ്ധിക്കുന്നതിനും മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിനുപുറമേ ചികിത്സ, വിദ്യാഭ്യാസം, പാർപ്പിടം തുടങ്ങിയ കൂടുതൽ ക്ഷേമകാര്യങ്ങൾക്ക് അവസരം ഉണ്ടാക്കുകയും ചെയ്തു.

7 (580) ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിത വ്യവസായ ങ്ങൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുവാനുള്ള എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly